മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ ഗിരീഷിന്റെ അച്ഛന്റെ പരാതി കിട്ടിയതനുസരിച്ച് പോലീസ് കേസ് എടുത്ത് അന്വേഷണം നടത്തുന്നുണ്ട്. ഞാൻ പാലക്കാട് ചെന്ന സമയത്ത് ഗിരീഷിന്റെ പിതാവിന്റെ പരാതി എനിക്ക് കിട്ടി ഞാൻ നേരിട്ട് ഉദ്യോഗസ്ഥൻമാരോട് ആ കാര്യത്തിൽ പ്രത്യേകമായിട്ട് നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം കൂടി ഗൗരവമായിട്ട് എടുത്തുകൊണ്ടുതന്നെ വീണ്ടും ഏറ്റവും വേഗത്തിൽ പോലീസിന് സ്വീകരിക്കാവുന്ന എല്ലാ വിധത്തിലുള്ള നിയമ നടപടികളും എടുക്കാനും അന്വേഷണങ്ങൾ നടത്താനും പ്രത്യേകമായ നിർദ്ദേശം കൊടുക്കുന്നതാണ്.

(3) കുട്ടനാട്ടിലെ കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ് എന്ന സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങൾ

ഡോ. കെ. സി. ജോസഫ്: സർ, കൊച്ചി ശാസ്ത്ര-സാങ്കേതിക യൂണിവേഴ്സിറ്റി ആറുവർഷം മുൻപ് കുട്ടനാട്ടിൽ കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ് എന്ന ഒരു എൻജിനീയറിംഗ് കോളേജ് ആരംഭിച്ചു. 39 ഏക്കർ സ്ഥലം വാങ്ങി പ്രാഥമിക സൗകര്യങ്ങൾ നാട്ടുകാർ ഒരുക്കിക്കൊടുത്തു. ഫീസും മറ്റു കാര്യങ്ങളും ഒക്കെ വാങ്ങിച്ച് ഏതാണ്ട് പത്തു കോടി രൂപയോളം ആ സ്ഥാപനത്തിന് മിച്ചമുണ്ട് എന്നാണ് എന്റെ ഒരു കണക്ക്. എന്നാൽ കൊച്ചിൻ യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്ന് അഞ്ചു ലക്ഷം രൂപ ഈടാക്കുമ്പോൾ സ്വന്തം സ്ഥാപനമെന്നുള്ള നിലയിൽ, അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്നുള്ള നിലയിൽ ഏതാണ്ട് എഴുപത് ലക്ഷം രൂപ വീതം ഓരോ വർഷവും ആ കോളേജിൽ നിന്ന് യൂണിവേഴ്സിറ്റി വാങ്ങുകയാണ്. പക്ഷെ കുട്ടികൾക്ക് യാതൊരു അടിസ്ഥാന സൗകര്യവും, ലഭ്യമാക്കിയിട്ടില്ല--അതായത് മെയിൻ ബിൽഡിംഗ് ഉണ്ടായിട്ടില്ല; ലാബ്-വർക്ക്ഷോപ്പ് എന്നിവയൊന്നും ഉണ്ടായിട്ടില്ല. ഇപ്പോൾ ലൈബ്രറി തന്നെ എം.എൽ.എ. ഫണ്ടിൽ നിന്ന് ഞാൻ ഉണ്ടാക്കിക്കൊടുത്തതാണ്. ഒരു രൂപ പോലും യൂണിവേഴ്സിറ്റി അവിടെ ചെലവഴിക്കുന്നില്ല. അദ്ധ്യാപകരെ വയ്ക്കുന്നില്ല. അടുത്ത സമയത്ത് എ.ഐ.സി.റ്റി.ഇ. വീണ്ടും അതിന്റെ പരിശോധനയുമായി വന്നു. അവിടെ കഴിഞ്ഞ രണ്ടുമൂന്നു വർഷമായി എ.ഐ.സി.റ്റി.ഇ. ആവശ്യപ്പെട്ട നടപടികൾ സ്വീകരിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തിയാണ് അവർ മടങ്ങിയിരിക്കുന്നത്. അതുകൊണ്ട് ഈ വർഷം ഈ സ്ഥാപനത്തിന്റെ എ.ഐ.സി.റ്റി.ഇ. അംഗീകാരം നഷ്ടപ്പെടുമെന്നുള്ള ആശങ്ക കുട്ടികളിൽ വളർന്നുകൊണ്ടിരിക്കുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റി ഉന്നതമായ ഒരു സ്ഥാപനമാണ്. ഒരു കോളേജ് മോശമായി എങ്ങനെ നടത്താൻ കഴിയുമെന്നുള്ളത് ഈ സ്ഥാപനത്തിന്റെ നടത്തിപ്പ് കണ്ടാൽ അറിയാം. ബഹുമാനപ്പെട്ട ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടുകയും എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരം നഷ്ടപ്പെടുകയില്ല എന്ന് ഉറപ്പുവരുത്തി ആ കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): ശ്രീ. കെ. സി. ജോസഫ് പറഞ്ഞ കാര്യങ്ങൾ ശരിയാണ്. ഞാൻ അദ്ദേഹം പറഞ്ഞയുടനെ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ വിളിച്ചു. അവരുടെ കോളേജാണ്. അതിന്റെ പ്രശ്നങ്ങൾ തീർക്കണമെന്നു പറഞ്ഞ് ശ്രീ. കെ. സി. തന്നെ ഒരു മണിക്കൂർ അവിടെപ്പോയി ചെലവഴിച്ചു. പക്ഷേ ശരിയായിട്ടില്ല. ആ കോളേജിന്റെ കാര്യം വളരെ പരിതാപകരമാണ്. ഇക്കാലംവരെ അതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തിട്ടില്ല. അതുകൊണ്ട് ഉടനെ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാനുദ്ദേശിക്കുന്ന കാര്യം, ഇവരുടെയെല്ലാം ഒരു യോഗം വിളിക്കുക എന്നുള്ളതാണ്. രണ്ടു സാദ്ധ്യത അതിനു മുൻപിൽ വയ്ക്കുകയാണ്. ഒന്ന്, കൊച്ചിൻ യൂണിവേഴ്സിറ്റി തന്നെ ഈ കോളേജ് ശരിക്ക് നടത്തിക്കൊണ്ടുപോകാനുള്ള സൗകര്യം ചെയ്യുമോയെന്നുള്ള കാര്യം അന്വേഷിക്കണം. അത് പറ്റില്ല എന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ ഈ വിദ്യാഭ്യാസ സ്ഥാപനം എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ആട്ടോണമസ് ബോഡിക്ക് ഏതിനെങ്കിലും കൈമാറാൻ പറ്റുമോയെന്നുള്ള കാര്യം അന്വേഷിക്കണം. എന്തായാലും ശരി കുട്ടികളുടെ ഭാവിയെ ഓർത്തുകൊണ്ട്, എ.ഐ.സി.റ്റി.ഇ.യുടെ അനുവാദം ലഭിക്കാതെ പോകുന്ന സാഹചര്യമുണ്ടെന്ന് കണ്ടുകൊണ്ട് അതിനാവശ്യമായ പരിഹാര നടപടികൾ ഗവൺമെന്റ് തീർച്ചയായിട്ടും സ്വീകരിക്കും.

(4) വയനാട് പേരിയാ റേഞ്ചിൽ കൃഷിഭൂമിയും കൈവശഭൂമിയും വനം വകുപ്പിൽ നിന്നും ജണ്ട കെട്ടുവാനുള്ള തീരുമാനം നിർത്തിവയ്ക്കുന്നതു സംബന്ധിച്ച്

ശ്രീമതി രാധാരാഘവൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട തവിഞ്ഞാൽ പഞ്ചായത്തിലെ പേരിയാ 34-ാം മൈൽ പ്രദേശത്ത് ബ്രിട്ടീഷുകാരുടെ കാലം മുതൽ തലമുറകളായി കൃഷിചെയ്തും വീട് വച്ചും അനുഭവിച്ചു കൊണ്ടിരിക്കുന്ന നാൽപ്പത് കുടുംബങ്ങളുടെ റവന്യൂ ഭൂമി നോർത്ത് വയനാട് ഡിവിഷൻ ഫോറസ്റ്റിലെ പേരിയാ സെക്ഷൻ ഉദ്യോഗസ്ഥർ ഫോറസ്റ്റ് ഭൂമിയാണെന്ന് പറഞ്ഞ് സർവേനടത്തി ജണ്ട കെട്ടുന്ന നടപടി നടത്തിവരികയാണ്. ഈ പ്രദേശവാസികൾ അവരുടെ ഭൂമിയിൽ പട്ടയം വാങ്ങിയവരും കൈവശരേഖ വാങ്ങിയവരും ആണ്. ഈ പ്രശ്നത്തിന് റവന്യൂ വകുപ്പു മന്ത്രിക്ക് നിവേദനം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശം മാനന്തവാടി തഹൽസീൽദാർ സന്ദർശിച്ച് കൈവശ കൃഷിക്കാരുടെ കണക്കെടുത്ത് റിപ്പോർട്ട് ജില്ലാ കളക്ടർക്ക് നൽകിയതായി അറിയാൻ കഴിഞ്ഞു. ആയതിനാൽ ഫോറസ്റ്റ് അധികൃതരുടെ ജണ്ടകെട്ടൽ നടപടി നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, തവിഞ്ഞാൽ പഞ്ചായത്തിലെ പേരിയ റേഞ്ചിൽ 36-ാം മൈൽ എന്ന സ്ഥലത്ത് പെരിയാർ റിസർവ് വനാതിർത്തിയിൽ ജണ്ട ഇടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2005 സാമ്പത്തിക വർഷം നോർത്ത് വയനാട് ഡിവിഷനിലെ 4443 ജണ്ട നിർമ്മിക്കുന്നതിന്റെ ഭാഗമായാണ് മേൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇതിനായി സർവേയും ഡീ-മാർക്കേഷനും നടത്തി വരവെ പേരിയാ വനാതിർത്തിയുടെ 36 മൈൽവരെയുള്ള പ്രദേശത്ത് ചില കൈയേറ്റങ്ങൾ കണ്ടെത്തുകയുണ്ടായി. ഏതാണ്ട് മുപ്പത്തിയൊന്ന് കുടുംബങ്ങൾ ഇവിടെ ചെറിയ തോതിൽ കൈയേറ്റം നടത്തിയിട്ടുള്ളതായിട്ടാണ് വിവരം ലഭിച്ചത്. ഈ കൈയേറ്റങ്ങളുടെ ഓരോന്നിന്റേയും വിസ്തൃതി നാല് സെന്റ് മുതൽ പത്തു സെന്റു വരെയാണ്. കൈയേറ്റക്കാരായ മുപ്പത്തിയൊന്ന് കുടുംബങ്ങളിൽ നാല് പേരൊഴിച്ച് ബാക്കിയുള്ള വരെല്ലാം സമീപകാലത്താണ് കൈയേറ്റം നടത്തിയിട്ടുള്ളത് എന്നാണ് മനസ്സിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly